# 2007-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 6-ാം വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തൊണ്ടിന്റെയും ചകിരിനാരിന്റെയും കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തൊണ്ടിന്റെയും ചകിരിനാരിന്റെയും കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിറ്റുവരവിന്മേൽ സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതും യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അസസ്സിംഗ് ഓഫീസർ" എന്നാൽ 4-ാം വകുപ്പുപ്രകാരം സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(ബി) "ബോർഡ്" എന്നാൽ 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1987-ലെ 34) 6-ാം വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(സി) “കയർ” എന്നാൽ തേങ്ങയുടെ തൊണ്ടിൽ നിന്നും വേർതിരിച്ചെടുത്ത ചകിരിനാര് പിരിക്കുമ്പോൾ ലഭിക്കുന്ന കയർ എന്ന് അർത്ഥമാകുന്നു ;

(ഡി) “കയറുൽപ്പന്നങ്ങൾ” എന്നാൽ ചകിരിനാരോ, കയറോ, ചകരിച്ചോറോ പൂർണ്ണമായോ, ഭാഗികമായോ ഉപയോഗിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള കയറ്റുപായകളും, കയർമെത്തകളും, ചവിട്ടുമെത്തകളും, പരവതാനികളും, ചകിരിനാര്, റബർ കലർന്ന മറ്റു കയറുൽപ്പന്നങ്ങളും എന്നർത്ഥമാകുന്നതും അതിൽ പരമ്പരാഗത തറികളിലും യന്ത്രവൽകൃത തറികളിലും നിർമ്മിച്ചവയും മറ്റ് ഉല്പന്നങ്ങളും, പി. വി. സി., റബർ അല്ലെങ്കിൽ സമാനമായ ഏതെങ്കിലും പിൻബലം നൽകുന്ന വസ്തുക്കളുടെയോ പിൻബലത്തോട് കൂടിയ മറ്റനുബന്ധ ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നതുമാകുന്നു ;

(ഇ) “വ്യാപാരി” എന്നാൽ കേരള സംസ്ഥാനത്തിനകത്ത് തൊണ്ടോ, ചകിരിനാരോ, കയറോ ഏതെങ്കിലും കയറുൽപ്പന്നങ്ങളോ വാങ്ങുകയോ വിൽക്കുകയോ അല്ലെങ്കിൽ വിൽക്കുന്നതിനുവേണ്ടി ശേഖരിച്ചു വയ്ക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ സ്വന്തം ഉടമസ്ഥതയിലുള്ള തൊണ്ട് ശേഖരിച്ചു വിൽക്കുന്ന കൃഷിക്കാരൻ ഉൾപ്പെടാത്തതുമാകുന്നു ;

(എഫ്) “ഫണ്ട്” എന്നാൽ 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കേരള കയർ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജി) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) “നിർണ്ണയിക്കപ്പെട്ട” എന്നാൽ ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഐ) “വിറ്റുവരവ്” എന്നാൽ വിൽപ്പനയ്ക്കോ മറ്റു പ്രകാരമുള്ള സംസ്കരണത്തിനോ വേണ്ടി കേരള സംസ്ഥാനത്ത് നടത്തുന്ന, തൊണ്ടിന്റെയോ, ചകിരിനാരിന്റെയോ, കയറിന്റെയോ, കയർ ഉല്പന്നങ്ങളുടെയോ ക്രയവിക്രയങ്ങളുടെ മൂല്യം എന്നർത്ഥമാകുന്നു ;

(2) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്റ്റിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. സെസ്സ് ചുമത്തുന്നതും ഈടാക്കുന്നതും.—(1) 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഒരു വ്യാപാരിയുടെ മൊത്ത വിറ്റുവരവിന്റെ ഒരു ശതമാനത്തിൽ കവിയാത്തതും സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്നതുമായ നിരക്കിൽ സെസ്സ് ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്:

(2) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തപ്പെട്ട സെസ്സ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം രീതിയിലും സമയത്തും ഓരോ വ്യാപാരിയിൽ നിന്നും പിരിച്ചെടുക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തിയിട്ടുള്ള സെസ്സ്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിൽ, തൊണ്ടിന്മേലോ, ചകിരിനാരിന്മേലോ, കയറിന്മേലോ, കയർ ഉല്പന്നങ്ങളിൻമേലോ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ, തീരുവയ്ക്കോ, നികുതിയ്ക്കോ പുറമെ ആയിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പുപ്രകാരം സെസ്സായി പിരിച്ചെടുത്ത തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, ആദ്യം കേരള സംസ്ഥാന സഞ്ചിത നിധിയിലേക്ക് വരവുവയ്ക്കേണ്ടതാണ്.

(5) സർക്കാർ പിരിച്ചെടുത്ത സെസ്സ് തുക, ഓരോ വർഷവും പിരിച്ചെടുത്ത തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക, അത്തരം സെസ്സ് പിരിച്ചെടുത്തതിന്റെ ചെലവിലേക്ക് കിഴിവ് ചെയ്തതിനുശേഷം, ബോർഡിന്റെ ഫണ്ടിലേക്ക് ജൂൺ 30-ന് മുമ്പായി, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ, നൽകേണ്ടതാണ്.

4. <u>അസസ്സിംഗ് ആഫീസറുടെ നിയമനം</u>.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, കയർ വികസന വകുപ്പിലെ ഡെപ്യൂട്ടി രജിസ്ട്രാർ/പ്രോജക്റ്റ് ഓഫീസർ (കയർ) എന്നിവരുടെ പദവിയിൽ കുറയാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെയോ തുല്യ പദവിയിലുള്ള ഉദ്യോഗസ്ഥനെയോ അസസ്സിംഗ് ആഫീസറായി നിയമിക്കാവുന്നതും അവരുടെ തദ്ദേശാധികാര പരിധി നിശ്ചയിക്കാവുന്നതുമാണ്.

5. <u>രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും സൂക്ഷിച്ചുപോരൽ</u>.—(1) നിർണ്ണയിക്കപ്പെടുന്ന രീതിയിലുള്ള രജിസ്റ്ററുകളും റിക്കാർഡുകളും ഓരോ വ്യാപാരിയും അവരവരുടെ വ്യാപാരസ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

(2) ഈ ആക്റ്റിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും അല്ലെങ്കിൽ അതോറിറ്റിയും ആവശ്യപ്പെടുമ്പോൾ അവ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

6. <u>വ്യാപാരി റിട്ടേണുകൾ നൽകേണ്ടത് സംബന്ധിച്ച്</u>.—(1) ഓരോ വ്യാപാരിയും, മുൻ സാമ്പത്തിക വർഷത്തെ വിറ്റുവരവ് കാണിച്ചുകൊണ്ടുള്ള റിട്ടേണുകൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള രീതിയിലും സമയത്തും അസസ്സിംഗ് ആഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) 3-ാം വകുപ്പനുസരിച്ച് സെസ്സ് നൽകാൻ ബാദ്ധ്യതയുള്ള ഏതെങ്കിലും വ്യാപാരി (1)-ാം ഉപവകുപ്പുപ്രകാരമുള്ള റിട്ടേൺ സമർപ്പിക്കുന്നതിന് വീഴ്ച വരുത്തിയാൽ അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കുന്നതിനുവേണ്ടി അസസ്സിംഗ് ആഫീസർ അങ്ങനെയുള്ള വ്യാപാരിയോട് നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതിക്ക് മുമ്പ് റിട്ടേൺ നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് നൽകേണ്ടതാണ്.

7. സെസ്സ് തിട്ടപ്പെടുത്തൽ.—(1) 6-ാം വകുപ്പനുസരിച്ച് ഒരു റിട്ടേൺ സ്വീകരിച്ചിട്ടുള്ള ഒരു അസസ്സിംഗ് ആഫീസർ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന രീതിയിലുള്ള അന്വേഷണം നടത്തിയതിനോ നടത്തിപ്പിച്ചതിനോശേഷവും റിട്ടേണിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷവും വ്യാപാരി നൽകേണ്ടതായ സെസ്സ് തുക, ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണ്.

(2) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു റിട്ടേൺ അസസ്സിംഗ് ആഫീസർക്ക് സമർപ്പിക്കാതിരിക്കുന്നുവെങ്കിൽ, അദ്ദേഹത്തിന് ഉചിതമെന്നു തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനോ നടത്തിപ്പിച്ചതിനോശേഷം, ആ വ്യാപാരി നൽകേണ്ടതായ സെസ്സ് തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പനുസരിച്ചോ, (2)-ാം ഉപവകുപ്പനുസരിച്ചോ സെസ്സ് തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഒരുത്തരവിൽ വ്യാപാരി നൽകേണ്ടതായ സെസ്സ് തുകയും അത് ഏത് തീയതിക്കുള്ളിൽ നൽകണമെന്നും നിർദ്ദേശിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരമോ (2)-ാം ഉപവകുപ്പുപ്രകാരമോ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അത്തരം അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) അനുസരിച്ച് വ്യവഹാരം വിചാരണ ചെയ്യുന്നതിൽ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്,—

(എ) ഏതൊരാളിന്റെ ഹാജർ ഉറപ്പുവരുത്തുകയും, സത്യപ്രതിജ്ഞയിന്മേലോ ദൃഢ പ്രതിജ്ഞയിൻമേലോ അയാളെ വിസ്തരിക്കുകയും ചെയ്യുക ;

(ബി) രേഖകൾ വെളിപ്പെടുത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനുകളെ നിയോഗിക്കുക ;

(5) ഈ വകുപ്പിൻകീഴിൽ നടത്തപ്പെടുന്ന ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിലും പ്രസ്തുത നിയമസംഹിതയിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിലും ഒരു നീതിന്യായ നടപടി ആയി കരുതപ്പെടുന്നതാണ്.

8. സെസ്സ് താൽക്കാലികമായി പിരിച്ചെടുക്കൽ.—(1) 3-ാം വകുപ്പുപ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരു വ്യാപാരിയും, 7-ാം വകുപ്പുപ്രകാരം ഏറ്റവും അവസാനമായി സെസ്സ് തിട്ടപ്പെടുത്തിയതനുസരിച്ച് വാർഷികമായി അയാൾ

നൽകേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ തുക എല്ലാ മാസവും പത്താം തീയതിക്കോ അതിനുമുൻപായോ മുൻകൂർ സെസ്സായി നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അടയ്ക്കേണ്ട തീയതിയിലോ അതിനുമുമ്പോ തുക അടയ്ക്കാത്തപക്ഷം, അസസ്സിംഗ് ഓഫീസർ, വീഴ്ചവരുത്തിയ ആളിന് കുടിശ്ശികയായിരിക്കുന്ന തുക കാണിച്ചുകൊണ്ടും നോട്ടീസ് കൈപ്പറ്റി ഏഴ് ദിവസത്തിൽ കവിയാത്ത സമയത്തിനുള്ളിൽ പ്രസ്തുത തുക അടയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും നോട്ടീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം വ്യാപാരി ഒരു വർഷം അടച്ച തുക 7-ാം വകുപ്പുപ്രകാരം ആ വർഷത്തേക്ക് തിട്ടപ്പെടുത്തിയ തുകയിൽ നിന്നും തട്ടിക്കിഴിക്കേണ്ടതാണ്.

9. സെസ്സ് ഒടുക്കുന്നതിലുള്ള കാലതാമസത്തിന് നൽകേണ്ടതായ പലിശ.—ഏതെങ്കിലും വ്യാപാരി 3-ാം വകുപ്പുപ്രകാരം ഒടുക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക അസസ്സ്മെന്റ് ഉത്തരവിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അടയ്ക്കാൻ വീഴ്ച വരുത്തുന്നതായാൽ, അങ്ങനെയുള്ള തുക നൽകേണ്ടതായ തീയതി മുതൽ യഥാർത്ഥത്തിൽ നല്കിയ തീയതി വരെയുള്ള കാലയളവിൽ ഓരോ മാസത്തിനോ അഥവാ മാസത്തിന്റെ ഭാഗത്തിനോ അടയ്ക്കേണ്ടതായ തുകയുടെ രണ്ടു ശതമാനം പ്രതിമാസ നിരക്കിൽ പലിശ നൽകാൻ അയാൾക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

10. നിശ്ചിത സമയത്തിനുള്ളിൽ സെസ്സ് അടയ്ക്കാതിരിക്കുന്നതിനുള്ള പിഴ.—3-ാം വകുപ്പുപ്രകാരം ഏതെങ്കിലും വ്യാപാരി അടയ്ക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക, 7-ാം വകുപ്പുപ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതിക്കുള്ളിൽ അടയ്ക്കാതെയിരുന്നാൽ അത് കുടിശ്ശികയായി കണക്കാക്കി അസസ്സിംഗ് ആഫീസർ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷം അത്തരം വ്യാപാരിക്ക് മേൽ, സെസ്സ് തുകയിൽ കവിയാത്ത, പിഴ ചുമത്താവുന്നതുമാണ് :

എന്നാൽ, അത്തരം ഏതെങ്കിലും പിഴ ചുമത്തുന്നതിനുമുമ്പായി ആ വ്യാപാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതും അപ്രകാരം കേട്ടതിനുശേഷം ഉത്തമവും മതിയായതുമായ കാരണത്താലാണ് വീഴ്ച വരുത്തിയത് എന്ന് അസസ്സിംഗ് ആഫീസർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, ഈ വകുപ്പിൻകീഴിൽ യാതൊരു പിഴയും ചുമത്താൻ പാടുള്ളതല്ല.

11. ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ തുക ഈടാക്കുന്നത്.—ഈ ആക്റ്റ് പ്രകാരം വ്യാപാരി നൽകേണ്ടതായ ഏതൊരു തുകയും (പലിശയും പിഴയും ഉൾപ്പെടെ) ഭൂമിയിൽ നിന്നുള്ള നികുതി കുടിശ്ശിക എന്ന പോലെ ഈടാക്കാവുന്നതാണ്.

12. അപ്പീൽ.—(1) 7-ാം വകുപ്പുപ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവുമൂലമോ 10-ാം വകുപ്പുപ്രകാരം പിഴ ചുമത്തിയിട്ടുള്ള ഒരു ഉത്തരവുമൂലമോ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യാപാരിക്കും, ഉത്തരവ് കൈപ്പറ്റി അറുപതു ദിവസത്തിനകം കയർവികസന ഡയറക്ടർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ് :

എന്നാൽ, കയർവികസന ഡയറക്ടർക്ക്, മതിയായ കാരണത്താലാണ് അപ്പീൽ നൽകുന്നതിൽ കാലതാമസം നേരിട്ടത് എന്ന് ബോദ്ധ്യമാകുന്ന പക്ഷം കാലതാമസം മാപ്പാക്കി നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഫയൽ ചെയ്യുന്ന ഒരോ അപ്പീലിനുമൊപ്പം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം അപ്പീൽ സ്വീകരിക്കുമ്പോൾ കയർ വികസന ഡയറക്ടർ ഇക്കാര്യത്തിൽ അപ്പീൽ വാദിക്ക് പറയുവാൻ ഉള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം കഴിയുന്നതും വേഗം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(4) ഈ വകുപ്പിൻകീഴിൽ സമർപ്പിച്ച അപ്പീലിന്മേൽ പാസ്സാക്കിയ ഓരോ ഉത്തരവും അന്തിമമായിരിക്കുന്നതും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.

13. റിവിഷൻ.—സർക്കാരിന് സ്വമേധയായോ, സങ്കടമനുഭവിക്കുന്ന വ്യക്തിയുടെ അപേക്ഷയിന്മേലോ 12-ാം വകുപ്പുപ്രകാരം അപ്പീൽ അധികാരി എടുത്തിട്ടുള്ള ഏതൊരു നടപടികളുടെയും റിക്കാർഡുകൾ വിളിച്ചു വരുത്താവുന്നതും അവർക്കു യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്താവുന്നതും അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാവുന്നതാണ് :

എന്നാൽ, ഈ വകുപ്പുപ്രകാരം റിവിഷനുവേണ്ടിയുള്ള അപേക്ഷ അപേക്ഷകന് ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം നൽകേണ്ടതും സങ്കടമനുഭവിക്കുന്ന വ്യക്തിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതുമാകുന്നു :

എന്നിരുന്നാലും അപ്പീലിൻമേൽ പാസ്സാക്കിയ ഒരു ഉത്തരവിന്റെ തീയതി മുതൽ മൂന്ന് വർഷത്തിനുശേഷം സർക്കാർ അതിൻമേൽ സ്വമേധയാ റിവിഷൻ അധികാരം ഉപയോഗിച്ച് യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതുമാകുന്നു.

14. പ്രവേശിക്കുന്നതിനുള്ള അധികാരം.—ഏതെങ്കിലും ഒരു അസസ്സിംഗ് ആഫീസർക്കോ അഥവാ സർക്കാർ ഇക്കാര്യത്തിൽ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഒരു ഉദ്യോഗസ്ഥനോ,—

(എ) 6-ാം വകുപ്പുപ്രകാരം ഏതെങ്കിലും വ്യാപാരി നല്കിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നത് ഉൾപ്പെടെയുള്ള, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് അദ്ദേഹം ആവശ്യമെന്ന് കരുതുന്ന, ഏതൊരു സ്ഥാപനത്തിലോ, സ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന ഏതൊരു സഹായത്തോടുകൂടി, പ്രവേശിക്കുകയും ;

(ബി) തൊണ്ടിന്റേയും, ചകിരിനാരിന്റേയും, കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും വില്പന സംബന്ധിച്ച രജിസ്റ്ററും മറ്റേതെങ്കിലും രേഖയും ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ;

(സി) നിർണ്ണയിക്കപ്പെടുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ;

ചെയ്യാവുന്നതാണ്.

15. പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ.—(1) ഓരോ അസസ്സിംഗ് ആഫീസറും താൻ മുൻ മാസത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ, ബോർഡിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മറ്റ് അതോറിറ്റിക്കും മുമ്പാകെ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും കാലയളവിനുള്ളിലും, എല്ലാമാസവും സമർപ്പിക്കേണ്ടതാണ്.

(2) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അഥവാ (1)-ാം ഉപ വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അതോറിറ്റിയോ മുൻ സാമ്പത്തിക വർഷത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള മുഴുവൻ തുകയും കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും, ഓരോ വർഷവും, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

16. ശിക്ഷ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു റിട്ടേൺ സമർപ്പിക്കാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും ഒരു വ്യാപാരി, വ്യാജമാണെന്നറിയുന്നതോ, അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും ഒരു റിട്ടേൺ സമർപ്പിക്കുന്നു എങ്കിൽ, ആറുമാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അഥവാ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരാളും, അപ്രകാരമുള്ള സെസ്സ് നൽകുന്നതിൽ നിന്നും ബോധപൂർവ്വമോ, മനഃപൂർവ്വമോ ഒഴിഞ്ഞുമാറുകയോ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയോ ചെയ്യുന്നു എങ്കിൽ ആറുമാസക്കാലം വരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും, ഈ ആക്റ്റ് പ്രകാരം

മറ്റൊരിടത്തും അങ്ങനെയുള്ള ലംഘനത്തിന് മറ്റ് ശിക്ഷയൊന്നും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, മൂന്നുമാസക്കാലം വരെ ആകാവുന്ന തടവോ രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) സർക്കാരോ, സർക്കാർ അധികാരപ്പെടുത്തിയ പ്രകാരമോ സമർപ്പിക്കുന്ന പരാതിയിന്മേൽ അല്ലാതെ, ഈ വകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

17. കമ്പനികൾ ചെയ്യുന്ന കുറ്റം.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, കുറ്റം ചെയ്യുന്ന സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിക്കുന്നതും കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ഉത്തരവാദിത്വമുണ്ടായിരുന്നതും ആയ ഓരോ ആളും കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ് :

എന്നാൽ, കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവ് കൂടാതെയാണെന്നോ അഥവാ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ യഥാവിധി എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും തന്നെ അങ്ങനെയുള്ള യാതൊരാളെയും യാതൊരു ശിക്ഷയ്ക്കും വിധേയമാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ കൊണ്ടോ ആണെങ്കിൽ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോ ആ കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി—

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ആകുന്നു.

(ബി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ആ ഫേമിലെ പങ്കാളി എന്നർത്ഥമാകുന്നു.

18. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ, സർക്കാരോ ഈ ആക്റ്റ് പ്രകാരം നിയമിച്ചിട്ടുള്ള ഏതെങ്കിലും അതോറിറ്റിയോ ഉദ്യോഗസ്ഥനോ ഒത്തുതീർപ്പാ

ക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർണ്ണയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

19. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) 3-ാം വകുപ്പുപ്രകാരം സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമായ രീതിയും സമയപരിധിയും ;

(ബി) 5-ാം വകുപ്പുപ്രകാരം വ്യാപാരി സൂക്ഷിച്ചുപോരേണ്ട രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളും ;

(സി) 6-ാം വകുപ്പുപ്രകാരം വ്യാപാരി അസസ്സിംഗ് ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ട മുൻ സാമ്പത്തികവർഷത്തെ വിറ്റുവരവ് കാണിച്ചുകൊണ്ടുള്ള റിട്ടേൺ സമർപ്പിക്കേണ്ടതിന്റെ രീതിയും സമയപരിധിയും ;

(ഡി) 12-ാം വകുപ്പുപ്രകാരം അപ്പീൽ ഫയൽ ചെയ്യേണ്ട രീതിയും നൽകേണ്ട ഫീസും ;

(ഇ) 14-ാം വകുപ്പ് (സി) ഖണ്ഡ പ്രകാരം അസസ്സിംഗ് ആഫീസർക്കോ മറ്റേതെങ്കിലും ആഫീസർക്കോ വിനിയോഗിക്കാവുന്ന അധികാരം ;

(എഫ്) 15-ാം വകുപ്പുപ്രകാരം പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ സമർപ്പിക്കേണ്ട ഫാറവും കാലയളവും ;

(ജി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു കാര്യവും.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും, അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടമുണ്ടാക്കേണ്ടതില്ലെന്നു തീരുമാനിക്കുകയോ ചെയ്യുമ്പോൾ ആ ചട്ടത്തിന്,

അതതു സംഗതിപോലെ, അതിനുശേഷം അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പു ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.